# സ്ത്രീയുടെ പദവി ഖുർആനിൽ

**അബ്ദുല്ലാ ഹസൻ**

സ്ത്രീകളെക്കുറിച്ച് സമൂഹത്തിൽ പ്രചരിപ്പിക്കപ്പെട്ടിരിക്കുന്ന അന്ധവിശ്വാസങ്ങൾക്ക് കൈയും കണക്കുമില്ല. പലതും പല മതങ്ങളുടെയും അധ്യാപനങ്ങളുടെ മേലങ്കിയണിഞ്ഞുകൊണ്ടാണ് പ്രത്യക്ഷപ്പെടാറുള്ളത്. സുരക്ഷിതമായി ഇന്നും ലോകത്തവശേഷിക്കുന്ന ഏക ദൈവികഗ്രന്ഥമായ ഖുർആന്റെ അനുയായികൾപോലും ഈ ദൂഷിതവലയത്തിലകപ്പെട്ടിരിക്കുന്നുവെന്നതാണ് സത്യം. പലപ്പോഴും വിശുദ്ധഖുർആനല്ല അവർക്ക് വഴികാട്ടി. മറ്റു പല മതക്കാരും വിശ്വാസികളും പ്രചരിപ്പിച്ച കഥകളും ഇതിഹാസങ്ങളുമാണ് അവരെ നയിക്കുന്നത്. തന്മൂലം വിശുദ്ധഖുർആന്റെ വചനങ്ങൾ പോലും തങ്ങളുടെ ഇംഗിതങ്ങൾക്കും വിശ്വാസങ്ങൾക്കുമനുരോധമായി വ്യാഖ്യാനിക്കാനല്ലാതെ ഖുർആന്റെ വ്യക്തമായ പ്ര സ്താവങ്ങൾക്കനുസൃതമായി സ്വന്തം ധാരണകൾ തിരുത്താൻ അവർ സന്നദ്ധരല്ല. മനുഷ്യരുടെ സൃഷ്ടി മുതൽ ആരംഭിക്കുന്നു ഇതിന്റെ ഉദാഹരണം.

## സ്ത്രീ വക്രസൃഷ്ടിയോ?

എല്ലാ തിന്മകളുടെയും അടിസ്ഥാന സ്രോതസ്സ് സ്ത്രീയാണെന്ന് പഠിപ്പിക്കുന്ന ചില മതങ്ങളുടെ വീക്ഷണത്തിൽ പുരുഷന്റെ വാരിയെല്ലിൽനിന്നാണ് സ്ത്രീ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. (ഉൽപത്തി: 2/22,22). സ്ത്രീ സൃഷ്ടിയിൽതന്നെ വക്രമാണെന്നും അതു നിവർത്താൻ മാർഗമില്ലെന്നും സൂചന. എന്നാൽ, വിശുദ്ധഖുർആന്റെ അധ്യാപനമനുസരിച്ച് ഏത് ധാതുവിൽനിന്ന് പുരുഷൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവോ അതേ ധാതുവിൽനിന്നുതന്നെയാണ് സ്ത്രീയും സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്: "മനുഷ്യരേ, ഒരാത്മാവിൽനിന്ന് നിങ്ങളെ സൃഷ്ടിച്ച നിങ്ങളുടെ രക്ഷിതാവിനെ സൂക്ഷിക്കുക. അവൻ അതേ ആത്മാവിൽനിന്നുതന്നെ അതിന്റെ ഇണയെയും സൃഷ്ടിച്ചു. പിന്നീട് അവർ രണ്ടുപേരിൽനിന്നുമായി അനേകം പുരുഷന്മാരെയും സ്ത്രീകളെയും വ്യാപിപ്പിച്ചു" (*അന്നിസാഅ്* -1).

ഇതേ യാഥാർഥ്യം വിശുദ്ധഖുർആൻ മറ്റൊരിടത്ത് ഇങ്ങനെ അനാവരണം ചെയ്യുന്നു: "അവനാണ് ഒരാത്മാവിൽനിന്ന് നിങ്ങളെ (മനുഷ്യരെ) സൃഷ്ടിച്ചത്. അതേ ആത്മാവിൽനിന്ന് അവൻ അതിന്റെ ഇണയെയും സൃഷ്ടിച്ചു. നിങ്ങൾ ഇണകളിലൂടെ സമാധാനം കണ്ടെത്തുന്നതിനു വേണ്ടിയാണിത്" (*അൽഅഅ്റാഫ്*: 189).

'സ്ത്രീകൾ വാരിയെല്ലുകൾകൊണ്ട് സൃഷ്ടിക്കപ്പെട്ടിരിക്കുന്നു'വെന്നും അവർ 'വാരിയെല്ലുകൾ പോലെയാണെ'ന്നും ചില ഹദീസുകളിൽ പരാമർശമുണ്ട്. സ്ത്രീകളോടുള്ള പെരുമാറ്റത്തിൽ സൂക്ഷ്മതയും അവധാനതയും വേണമെന്നാണ് അതിന്റെ താൽപര്യമെന്ന് അത്തരം ഹദീസുകൾതന്നെ വ്യക്തമാക്കുന്നു. സയ്യിദ് ഖുത്ബ് പറഞ്ഞതുപോലെ, സ്ത്രീയും പുരുഷനും അടിസ്ഥാനത്തിലും പ്രയാണത്തിലും പര്യവസാനത്തിലും ഒന്നാണ്. മാനുഷികമെന്ന ചട്ടക്കൂട്ടിൽ പൂർണമായും തുല്യർ. അല്ലാഹുവിന്റെ ആദരണീയമായ സൃഷ്ടികൾ. രണ്ടു പേരുടെയും ആദരണീയതയിൽ ഒരു വ്യത്യാസവുമില്ല: 'ആദം സന്തതികളെ (സ്ത്രീകളെയും പുരുഷന്മാരെയും) നാം ആദരിച്ചിരിക്കുന്നു'വെന്നാണ് ഖുർആന്റെ പ്രസ്താവം.

## ആദിപാപം സ്ത്രീയിൽനിന്നോ?

സ്വർഗത്തിലെ മനുഷ്യന്റെ ആദിപാപം സ്ത്രീയിൽനിന്നാണുത്ഭവിച്ചതെന്നും സ്ത്രീയുടെ പ്രേരണപ്രകാരമാണ് ആദം വിലക്കപ്പെട്ട കനി തിന്നതെന്നും വിശ്വസിക്കുന്നവരുണ്ട്. എന്നാൽ, വിശുദ്ധഖുർആൻ ആദിപാപം പുരുഷനിലാണ് ചാർത്തുന്നത്. ഖുർആൻ പറയുന്നു: “ആദം തന്റെ രക്ഷിതാവിനെ ധിക്കരിച്ചു. അങ്ങനെ അദ്ദേഹം വഴികേടിലായി” (*ത്വാഹാ*: 121).

“ആദമുമായി മുമ്പ് നാം കരാർ ചെയ്തിരുന്നു. പക്ഷേ, അദ്ദേഹം അതു മറന്നു. അദ്ദേഹത്തിൽ നാം നിശ്ചയദാർഢ്യം കണ്ടില്ല” (*ത്വാഹാ*: 115). അതായത് ഖുർആന്റെ വീക്ഷണത്തിൽ സ്വർഗത്തിൽ വച്ച് വിലക്കപ്പെട്ട കനി തിന്ന തെറ്റിനുത്തരവാദി ആദ്യം ആദം മാത്രമാണ്. രണ്ടാമത് മാത്രമേ ആ ഉത്തരവാദിത്വം സ്ത്രീയുടെ മേൽ വരുന്നുള്ളൂ. മറ്റു വാക്കുകളിൽ, സ്ത്രീയും പുരുഷനും മാനുഷ്യകത്തിന്റെ രണ്ടു തുല്യ ഘടകങ്ങളാണ്. ഒരേ സ്രോതസ്സിൽനിന്ന് സൃഷ്ടിക്കപ്പെട്ട പരസ്പരപൂരകങ്ങൾ. ഒന്നിനു മറ്റേതിനേക്കാൾ കൂടുതൽ ഉത്കർഷമോ അപകർഷതയോ ഇല്ല.



## ചുമതലകൾ ഒരുപോലെ

ദീനിൽ രണ്ടു വിഭാഗത്തിനുമുള്ള ചുമതലകൾ ഒരു പോലെയാണ് ഖുർആൻ വിവരിക്കുന്നത്: “വിശ്വാസികളും വിശ്വാസിനികളും പരസ്പരം സഹകാരികളാണ്. അവർ നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും നമസ്കാരം നിലനിർത്തുകയും സകാത്ത് കൊടുക്കുകയും അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കുകയും ചെയ്യുന്നു. അവരോടാണ് അല്ലാഹു കരുണ കാണിക്കുക” (*അത്തൗബ*: 71).

സ്വന്തം കർമങ്ങളെക്കുറിച്ച് പുരുഷന്മാർക്കെന്നപോലെ സ്ത്രീകൾക്കും സ്വതന്ത്രമായ ചുമതലയാണുള്ളത്. ഒരു വിഭാഗം മറ്റേ വിഭാഗത്തിന്റെ കർമങ്ങൾക്കുത്തരവാദികളോ പകരമോ അല്ല. അതിനാൽ പുരുഷന്മാരിൽനിന്നെന്നപോലെ സ്ത്രീകളിൽനിന്നും ബൈഅത്ത് (അനുസരണപ്രതിജ്ഞ) വാങ്ങാൻ അല്ലാഹു നബി(സ)യോട് ആവശ്യപ്പെടുന്നു.

“നബീ, സത്യവിശ്വാസിനികൾ അനുസരണപ്രതിജ്ഞ ചെയ്യുന്നതിന് താങ്കളുടെ അരികിൽ വരികയും അല്ലാഹുവിൽ യാതൊന്നിനെയും പങ്കു ചേർക്കുകയില്ലെന്നും മോഷ്ടിക്കുകയില്ലെന്നും വ്യഭിചരിക്കുകയില്ലെന്നും സന്തതികളെ കൊന്നുകളയുകയില്ലെന്നും കൈകാലുകൾക്കിടയിൽ വ്യാജം കെട്ടിച്ചമച്ച ആരോപണങ്ങൾ ഉന്നയിക്കുകയില്ലെന്നും നന്മകളിൽ താങ്കളെ ധിക്കരിക്കുകയില്ലെന്നും കരാർചെയ്യുകയുമാണെങ്കിൽ അവരോട് കരാർ വാങ്ങുക” (*അൽമുംതഹിന*: 12).

സ്വതന്ത്രമായ ഈ ഉത്തരവാദിത്വത്തിന്റെ ഫലമെന്നോണം പരലോകത്ത് പുരുഷന്മാരെപ്പോലെത്തന്നെ പ്രത്യേകമായ രക്ഷാശിക്ഷകളും അവർക്ക് ഖുർആൻ വാഗ്ദാനം ചെയ്യുന്നു: “പുരുഷനാവട്ടെ സ്ത്രീയാവട്ടെ സത്യവിശ്വാസത്തോടുകൂടി ആർ സൽക്കർമങ്ങൾ അനുഷ്ഠിക്കുന്നുവോ അവർ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്. തരിമ്പും അവർ അക്രമിക്കപ്പെടുന്നതല്ല” (*അന്നിസാഅ്* :124).

“വിശ്വാസികൾക്കും വിശ്വാസിനികൾക്കും കീഴ്ഭാഗത്തുകൂടി ആറുകളൊഴുകുന്ന ആരാമങ്ങളും നിവാസയോഗ്യമായ തോട്ടങ്ങളിൽ ഉത്തമമായ പാർപ്പിടങ്ങളും അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അതിൽ അവർ ശാശ്വതവാസികളാണ്. അല്ലാഹുവിന്റെ സംപ്രീതിയാണ് ഏറ്റവും വലുത്. അതത്രെ മഹത്തായ വിജയം” (*അത്തൗബ*: 72).

“കപടവിശ്വാസികൾക്കും കപട വിശ്വാസിനികൾക്കും സത്യനിഷേധികൾക്കും അല്ലാഹു നരകാഗ്നിയാണ് വാഗ്ദാനം ചെയ്തിരിക്കുന്നത്. അതിലവർ ശാശ്വതവാസികളായിരിക്കും. അതുതന്നെ മതി അവർക്ക്. അല്ലാഹു അവരെ ശപിച്ചിരിക്കുന്നു. ശാശ്വതമായ ശിക്ഷയുണ്ടവർക്ക്” (*അത്തൗബ*: 68).

“അവരുടെ രക്ഷിതാവ് പ്രാർഥനയ്ക്ക് ഉത്തരം നൽകി. സ്ത്രീയാവട്ടെ, പുരുഷനാവട്ടെ നിങ്ങളിൽ കർമങ്ങളനുഷ്ഠിക്കുന്ന ആരുടെയും ഒരു കർമവും ഞാൻ പാഴാക്കുകയില്ല. നിങ്ങളിൽ ഒരു കൂട്ടർ മറ്റുള്ളവരുടെ ഭാഗമാണല്ലോ. അതിനാൽ എനിക്കുവേണ്ടി സ്വദേശം വെടിയുകയും എന്റെ മാർഗത്തിൽ സ്വഭവനങ്ങളിൽനിന്ന് ബഹിഷ്കൃതരാവുകയും മർദിക്കപ്പെടുകയും എനിക്കുവേണ്ടി യുദ്ധം ചെയ്യുകയും വധിക്കപ്പെടുകയും ചെയ്തവരാരോ അവരുടെ സകല പാപങ്ങളും ഞാൻ പൊറുത്തുകൊടുക്കുന്നതാകുന്നു. ഞാൻ അവരെ കീഴ്ഭാഗങ്ങളിലൂടെ അരുവികളൊഴുകുന്ന ആരാമങ്ങളിൽ പ്രവേശിപ്പിക്കുന്നതുമാകുന്നു. അല്ലാഹുവിൽനിന്നുള്ള പ്രതിഫലമാണിത്. ഉത്കൃഷ്ടമായ പ്രതിഫലം അല്ലാഹുവിങ്കൽ മാത്രമാകുന്നു” (*ആലുഇംറാൻ*: 195).

പുണ്യകർമങ്ങൾ അനുഷ്ഠിക്കാനും ദുഷ്കർമങ്ങളിൽനിന്ന് അകന്നുനിൽക്കാനും പുരുഷന്മാരെപ്പോലെ സ്ത്രീകളോടും കൽപിക്കപ്പെട്ടിരിക്കുന്നുവെന്നും ഈ കൽപനകൾ പാലിക്കുന്നതിനനുസരിച്ച് രക്ഷാശിക്ഷകളിൽ അവർ തുല്യരാണെന്നും ഉദ്ധൃത ഖുർആൻസൂക്തങ്ങൾ വ്യക്തമാക്കുന്നു.

## വിജ്ഞാനസമ്പാദനം നിർബന്ധ ബാധ്യത

നന്മ പരത്തുകയും തിന്മകൾ തടയുകയും ചെയ്തുകൊണ്ട് തന്നെയും തന്റെ ചുറ്റുപാടിനെയും സംസ്കരിക്കുകയാണ് മുസ്ലിംകൾ ഏൽപിക്കപ്പെട്ട ദൗത്യം. ഈ ദൗത്യത്തിൽനിന്ന് സ്ത്രീകൾക്ക് ഒരു ഒഴിവും ഇസ്ലാം നൽകിയിട്ടില്ലെന്ന് നാം കണ്ടു. ‘നന്മ കൽപിക്കുക തിന്മ വിരോധിക്കുക’ എന്ന പ്രബോധനപരമായ ബാധ്യത നിർവഹിക്കണമെങ്കിൽ സ്ത്രീകൾ ഇസ്ലാമികശരീഅത്തിനെക്കുറിച്ചും അതിന്റെ

വിധിവിലക്കുകളെക്കുറിച്ചും അറിഞ്ഞിരിക്കേണ്ടത് അനിവാര്യമാണെന്ന് വ്യക്തം. അതിനാൽ ഹലാൽ-ഹറാമുകൾ അറിഞ്ഞിരിക്കേണ്ടത് എല്ലാ സ്ത്രീപുരുഷന്മാരുടെയും നിർബന്ധ ബാധ്യതയാണെന്നും അവരുടെ നേതൃത്വം അതവരെ പഠിപ്പിക്കാൻ ആവശ്യമായ സംവിധാനമുണ്ടാക്കേണ്ടത് അനിവാര്യമാണെന്നും ഇമാം ഇബ്നുഹസം വ്യക്തമാക്കുന്നു.

തിരുമേനിയുടെ പത്നിമാർ ഇസ്‌ലാമികവിജ്ഞാനങ്ങളുടെ മദ്റസകളായിരുന്നു. അബൂബക്ർ, ഉമർ (റ) തുടങ്ങിയ പ്രഗത്ഭ സ്വഹാബിമാരും താബിഉകളുമൊക്കെ അവിടെനിന്ന് പഠിച്ചിട്ടുണ്ട്. ഈ വനിതകളായിരുന്നു പല സുപ്രധാന വിഷയങ്ങളിലും തീരുമാനം കൽപിക്കാൻ അവർക്കവലംബം. ഇതു തികച്ചും സ്വാഭാവികവുമായിരുന്നു. കാരണം, 'അറിയുന്നവരും അറിയാത്തവരും സമമാവുമോ' എന്ന ഖുർആന്റെ ചോദ്യം പുരുഷന്മാരോട് മാത്രമല്ലല്ലോ. വിജ്ഞാനമന്വേഷിച്ചിറങ്ങിയവർക്ക് അല്ലാഹു സ്വർഗത്തിലേക്കുള്ള പാത എളുപ്പമാക്കിക്കൊടുക്കുമെന്ന തിരുവചനം കൂടി അറിയുന്ന സ്വഹാബിവനിതകൾ അവരുടെ ധർമം യഥാവിധി നിർവഹിച്ചുവെങ്കിൽ അതിൽ അത്ഭുതപ്പെടാനില്ല.

## വരനെ തെരഞ്ഞെടുക്കാനുള്ള അവകാശം

സാമൂഹികജീവിതത്തിന്റെ പ്രഭവ കേന്ദ്രമാണ് കുടുംബം. കുടുംബനിർമാണത്തിൽ തന്റെ ഇണയെ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം പുരുഷനെപ്പോലെസ്ത്രീക്കും ഇസ്‌ലാം അനുവദിച്ചു കൊടുത്തിട്ടുണ്ട്. ഒരു കന്യക തന്റെ അനിഷ്ടം വകവയ്ക്കാതെ പിതാവ് തന്നെ ഒരാൾക്ക് വിവാഹം ചെയ്തുകൊടുത്തതായി ആവലാതിപ്പെട്ടപ്പോൾ നബി(സ) ആ വിവാഹബന്ധം വേർപ്പെടുത്താൻ അവൾക്ക് അധികാരം നൽകിയ സംഭവം പ്രസിദ്ധമാണ്. വിവാഹവിഷയത്തിൽ അവസാന വാക്ക് പറയാനുള്ള അധികാരം പിതാക്കൾക്കല്ല, മറിച്ച് സ്ത്രീകൾക്കുതന്നെയാണെന്ന് മുസ്‌ലിംലോകത്തെ പഠിപ്പിക്കുകയായിരുന്നു ആ സ്ത്രീ.

## വിവാഹമൂല്യത്തിന്റെ പ്രസക്തി

വിവാഹസന്ദർഭത്തിൽ പുരുഷൻ സ്ത്രീക്ക് മൂല്യമുള്ള എന്തെങ്കിലും സമ്മാനമായി നൽകണമെന്നാണ് ഖുർആന്റെ വിധി. "സ്ത്രീകൾക്ക് അവരുടെ വിവാഹമൂല്യം സമ്മാനമായി നൽകുക" (*അന്നിസാഅ്*:4). ഇതിലൂടെ സുപ്രധാനമായ രണ്ട് കാര്യങ്ങൾ ഖുർആൻ പഠിപ്പിക്കുന്നു: ഒന്ന്, സ്ത്രീകൾക്ക് സ്വന്തമായി സ്വത്ത് സമ്പാദിക്കാനും ചെലവഴിക്കാനും സ്വാതന്ത്ര്യവും അധികാരവുമുണ്ട്. ഇക്കാര്യം അന്യത്ര ഖുർആൻ ആവർത്തിച്ചു പഠിപ്പിക്കുന്നുണ്ട്. രണ്ട്, കുടുംബത്തിൽ സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണച്ചുമതല പുരുഷനാണ് ഏറ്റെടുക്കേണ്ടത്. അത് താൻ ഏറ്റെടുത്തിരിക്കുന്നുവെന്നതിനെ പ്രതീകവത്കരിച്ചുകൊണ്ട് നൽകുന്നതാണ് മഹ്ർ അഥവാ വിവാഹമൂല്യം. അതിനാൽ പുരുഷൻ മഹ്ർ നൽകാതെ വിവാഹം സാധുവാകയില്ല. വല്ല കാരണവശാലും തൽക്കാലം നൽകാൻ കഴിഞ്ഞില്ലെങ്കിൽ അവന്റെ കടബാധ്യതയായി നിലനിൽക്കും.

അനന്തരസ്വത്തിൽ സ്ത്രീക്ക് പുരുഷന്റെ പാതിയെന്ന ഖുർആന്റെ പൊതുപ്രഖ്യാപനം മനസ്സിലാക്കാൻ ഇവിടെ നിഷ്പക്ഷമതികൾക്ക് പ്രയാസപ്പെടേണ്ടിവരികയില്ല. വിവാഹസന്ദർഭത്തിൽ ലഭിക്കുന്ന മഹ്റാവട്ടെ, പിതാവോ സഹോദരങ്ങളോ ദാനമായി നൽകിയ മറ്റേതെങ്കിലും സമ്പത്താകട്ടെ, സ്വയം അധ്വാനിച്ചുണ്ടാക്കിയ ധനമാവട്ടെ ഒന്നും തന്റെ കുട്ടികളുടെയോ ഭർത്താവിന്റെയോ ആവശ്യങ്ങൾക്കു വേണ്ടി ചെലവഴിക്കാൻ സ്ത്രീ ബാധ്യസ്ഥയല്ല. മറിച്ച്, സ്വയം സമ്പന്നയാണെങ്കിൽ പോലും അവളെയും കുട്ടികളെയും സംരക്ഷിക്കാനുള്ള ചുമതല ഭർത്താവിന്റേതാണ്. തികച്ചും ഐച്ഛികമായി താൻ ഉദ്ദേശിച്ചാൽ മാത്രം തന്റെ സമ്പത്തിൽനിന്ന് അവൾക്ക് ഭർത്താവിനെ സഹായിക്കാം.

## ജോലിയും അധ്വാനവും

കുടുംബബാധ്യതയില്ലെങ്കിലും ഇസ്‌ലാം അനുവദനീയമാക്കിയ ഏതു ജോലിയും വരുമാനമാർഗവും അവൾക്ക് സ്വീകരിക്കാവുന്നതാണ്. ജോലിക്കിടയിൽ അവളുടെ അഭിമാനസുരക്ഷിതത്വമാണ് പ്രധാനം. ഒരന്യ പുരുഷനോടൊപ്പം ഒറ്റപ്പെടേണ്ടിവരാവുന്ന ജോലി ഇസ്‌ലാം അവൾക്ക് വിലക്കാനുള്ള കാരണം മനസ്സിലാക്കാൻ പ്രയാസമില്ല. അതേപോലെ കുട്ടികളെ ശ്രദ്ധയോടുകൂടി പരിപാലിച്ചു വളർത്തേണ്ട ചുമതലയും ഇസ്‌ലാം ഉമ്മമാർക്കാണ് നൽകിയിട്ടുള്ളത്. കുട്ടിയുടെ ആദ്യ പാഠശാലയാണ് ഉമ്മ. ഈ പാഠശാലയിലെ അധ്യായം വിസ്മരിച്ചുകൊണ്ട് അവർ മറ്റൊരു ജോലി സ്വീകരിക്കാൻ പാടില്ല.

## രാഷ്ട്രസാരഥ്യം

ഇതല്ലാതെ ജോലിയുടെ കാര്യത്തിൽ അവൾക്ക് പ്രത്യേകമായ വല്ല പരിധിയും പരിമിതിയുമുണ്ടോ? രാഷ്ട്രത്തിലെ പ്രധാനമന്ത്രി, പ്രസിഡന്റ്, ചീഫ് ജസ്റ്റിസ് തുടങ്ങിയ അത്യുന്നത ഉദ്യോഗങ്ങളൊന്നും അവർക്ക് വഹിച്ചുകൂടെന്നാണ് ചിലരുടെ വാദം. നിയമസഭകളിലും പാർലമെന്റിലും അംഗങ്ങളാവുന്നത് വിലക്കുന്നവരും വോട്ടവകാശം പോലും നിഷേധിക്കുന്നവരും പണ്ഡിതന്മാരിലുണ്ട്. ഇതിനൊക്കെ നിരർഥകമായ ചില യുക്തിവിചാരങ്ങളാണവർക്ക് തെളിവ്. പ്രമാണങ്ങളായി ഉദ്ധരിക്കപ്പെടുന്നതാവട്ടെ തികച്ചും ബാലിശവും. മാതൃകയ്ക്കു വേണ്ടി അവയിൽ പ്രധാനമായത് നമുക്ക് പരിശോധിച്ചുനോക്കാം. ഖുർആൻ പറയുന്നു:

"പുരുഷന്മാർ സ്ത്രീകളുടെ മേൽ കൈകാര്യകർത്താക്കളാകുന്നു. അല്ലാഹു അവരിൽ ചിലരെ മറ്റു ചിലരേക്കാൾ ശ്രേഷ്ഠരാക്കിയിട്ടുള്ളതുകൊണ്ടും പുരുഷന്മാർ തങ്ങളുടെ ധനത്തിൽനിന്ന് ചെലവഴിക്കുന്നതുകൊണ്ടുമാണിത്" (*അന്നിസാഅ്*: 34).

ഇവിടെ പുരുഷന്മാർക്ക് നൽകിയിരിക്കുന്ന മേലധികാരം വാസ്തവത്തിൽ കുടുംബത്തിൽ മാത്രം പരിമിതമാണ്. കാരണം, ഒന്നാമതായി, കുടുംബപ്രശ്നങ്ങളുടെ പരിഹാരത്തിനിടയിലാണ് ഖുർആൻ ഇതവതരിപ്പിക്കുന്നത്. രണ്ടാമതായി, കുടുംബത്തിന്റെ നേതൃത്വം ആർക്കായിരിക്കണമെന്ന പ്രശ്നം ഖുർആൻതന്നെ പരിഹരിക്കേണ്ടതുണ്ട്. കാരണം സ്ത്രീക്കും പുരുഷനും ജീവിതത്തിന്റെ മറ്റെല്ലാ മേഖലകളിലും സമാനമായ അധികാരാവകാശങ്ങൾ നൽകിയിരിക്കെ കുടുംബത്തിലെ അവസാനവാക്ക് പതിക്കോ പത്നിക്കോ എന്ന് നിശ്ചയിക്കപ്പെട്ടില്ലെങ്കിൽ എക്കാലത്തും അതൊരു വിഷമപ്രശ്നമായി അവശേഷിക്കും. അഭിപ്രായവ്യത്യാസങ്ങൾ കലഹങ്ങളിലേക്ക് വളരും. അതു തടയാനാണ് കുടുംബനാഥൻ പുരുഷനാണെന്ന് ഖുർആൻ പ്രഖ്യാപിച്ചത്. ഇത്തരം സംശയസ്പദമായ കാര്യങ്ങളിൽ ഒരു വിധി പ്രഖ്യാപിക്കുമ്പോൾ ഖുർആൻ സാധാരണ ചെയ്യാറുള്ളതുപോലെ ഇവിടെ അതിന്റെ കാരണവും വ്യക്തമാക്കിയിരിക്കുന്നു. ചിലർക്ക് ചിലരേക്കാൾ ദൈവം ശ്രേഷ്ഠത നൽകിയിരിക്കുന്നു എന്നതാണ് ഒരു കാരണം. ആപേക്ഷികമായി പുരുഷന് നൽകപ്പെട്ട കായികശക്തിയാണ് ഇതു കൊണ്ടുദ്ദേശിക്കുന്നതെന്ന് വ്യക്തം. കുടുംബത്തെ സംബന്ധിച്ചേടത്തോളം ഇത് അതിപ്രധാനമാണ്. കാരണം, അതിക്രമകാരികളുടെയോ ശത്രുക്കളുടെയോ കടന്നാക്രമണത്തിൽനിന്ന് സംരക്ഷണം ആവശ്യമുള്ളവരാണ് സ്ത്രീകളും കുട്ടികളും. കായികബലം ആപേക്ഷികമായി കൂടുതലുള്ളത് പുരുഷനായതിനാൽ സംരക്ഷണച്ചുമതല അവനെത്തന്നെ വേണം ഏൽപിക്കാൻ.

സ്വന്തം സമ്പത്ത് ചെലവഴിക്കുന്നു വെന്നതാണ് രണ്ടാമത്തെ കാരണം. കുടുംബസംരക്ഷണത്തിന് ആവശ്യമായ ധനം വ്യയം ചെയ്യുന്നത് പുരുഷന്റെ ചുമതലയാണ്. സ്ത്രീയുടെ കൈയിൽ ധനമുണ്ടെങ്കിൽ പോലും അതെടുത്ത് ചെലവഴിക്കാൻ അവൾക്ക് ബാധ്യതയില്ല. ഇതാണ് പുരുഷന് കുടുംബത്തിൽ മേലധികാരം നൽകാനുള്ള കാരണം.

ചെറിയ ഒരു കുടുംബത്തിൽപോലും തീരുമാനാധികാരവും മേധാവിത്വവും പുരുഷനായിരിക്കെ അനേകം കുടുംബങ്ങൾ ചേർന്ന ഒരു രാഷ്ട്രത്തിൽ പുരുഷനായിരിക്കണം മേധാവി എന്ന് പ്രത്യേകം പറയേണ്ടതുണ്ടോ എന്നാണ് ചിലർ ചോദിക്കുന്നത്. പല പണ്ഡിതന്മാരും ഉയർത്തിയ ഈ ചോദ്യം, പക്ഷേ, ഇവിടെ ഒരു നിലയ്ക്കും പ്രസക്തമല്ല. കാരണം കുടുംബനേതൃത്വം പുരുഷനെ ഏൽപിക്കാൻ ഖുർആൻ പറഞ്ഞ രണ്ട് കാരണങ്ങളും രാഷ്ട്രനേതൃത്വത്തിന്റെ കാര്യത്തിൽ പ്രസക്തമല്ല. ഒന്ന് പേശിയുടെ ബലമാണ്. അത് കുടുംബസംരക്ഷണത്തിനുതകുമെന്നല്ലാതെ രാഷ്ട്രസംരക്ഷണത്തിൽ ഇതിനു പ്രത്യേകിച്ചും ഒരു സ്ഥാനവുമില്ല. സ്വന്തമായി സമ്പത്ത് ചെലവഴിക്കുന്നുവെന്നതാണ് രണ്ടാമത്തെ കാരണം. രാഷ്ട്രസാരഥി ഖജനാവിൽനിന്ന് ശമ്പളം പറ്റുകയല്ലാതെ രാഷ്ട്രത്തിനു വേണ്ടി സ്വന്തം പണം ചെലവഴിക്കേണ്ട ഒരവസ്ഥയും ഒരിക്കലും ഉണ്ടാവുന്നില്ല. അതിനാൽ, രണ്ടും തമ്മിൽ ഈ വിഷയത്തിൽ ഒരു തുലനവുമില്ല.

രാഷ്ട്രനേതൃത്വത്തിനു ബുദ്ധിശക്തി ഏതായാലും താരതമ്യേന കൂടുതൽ ആവശ്യമാണല്ലോ. അതാവട്ടെ സ്ത്രീകൾക്ക് പുരുഷന്റെ പാതി മാത്രമേയുള്ളൂവെന്ന് ഖുർആൻ തന്നെ സമർഥിക്കുന്നു. ഇതാണ് മറ്റൊരു വാദം. സൂറഃ *അൽബഖറ*യിലെ 282-ാമത്തെ സൂക്തമാണ് സൂചന. കടമിടപാടുകൾ എഴുതിവയ്ക്കുകയും രണ്ടു പുരുഷന്മാരെ അതിനു സാക്ഷിനിർത്തുകയും ചെയ്യണമെന്ന് ആവശ്യപ്പെട്ട ഖുർആൻ തുടർന്നു പറഞ്ഞു: “നിങ്ങളിൽ രണ്ടു പുരുഷന്മാരെ അതിനു സാക്ഷിനിർത്തുക. രണ്ടു പുരുഷന്മാരില്ലെങ്കിൽ നിങ്ങളിഷ്ടപ്പെടുന്ന ഒരു പുരുഷനും രണ്ടു സ്ത്രീകളും സാക്ഷിനിൽക്കണം. ഒരു സ്ത്രീ വഴിതെറ്റിയാൽ മറ്റേ സ്ത്രീ ഓർമിപ്പിക്കുന്നതിനു വേണ്ടിയാണിത്” (*അൽബഖറഃ* 282).

ഇവിടെ ഖുർആൻ പറഞ്ഞതല്ല പലരും മനസ്സിലാക്കിയിട്ടുള്ളത്. ഒരു സ്ത്രീ മറന്നാൽ മറ്റേ സ്ത്രീ ഓർമിപ്പിക്കുന്നതിനുവേണ്ടി എന്നിവിടെ പലരും എഴുതുകയും മനസ്സിലാക്കുകയും ചെയ്തിരിക്കുന്നു. അതായത് പുരുഷന്റെ പാതി മാത്രമേ സ്ത്രീക്ക് ഓർമശക്തിയുള്ളൂ. അതുകൊണ്ടാണ് ഒരു പുരുഷനു പകരം സാക്ഷിനിൽക്കുന്നത് സ്ത്രീയാണെങ്കിൽ രണ്ടു വേണമെന്ന് ഖുർആൻ പറഞ്ഞത്. ഇതു പക്ഷേ, ഖുർആന്റെ പേരിൽ ഒരാരോപണം മാത്രമാണ്. പ്രസ്തുത അർഥം ഖുർആന്റെ പദപ്രയോഗത്തിനോ വസ്തുതയ്ക്കോ നിരക്കുന്നതല്ല. ഖുർആൻ പ്രയോഗിക്കുന്നത് ‘ദല്ല’ എന്ന പദമാണ്. അതിനു ‘മറന്നു’ എന്ന് അറബിഭാഷയിൽ അർഥമില്ല. മറിച്ച്, വഴി തെറ്റി എന്നാണതിനർഥം. മറവിയാവട്ടെ പുരുഷനും സ്ത്രീക്കും ഒരുപോലെ ജന്മസിദ്ധമായ സ്വഭാവമാണ്. വ്യക്തികളുടെ വ്യത്യാസമനുസരിച്ച് അതിൽ ഏറ്റക്കുറവുകളുണ്ടാവാം. ചില സ്ത്രീകൾ കൂടുതൽ ഓർമശക്തിയുള്ളവരും ചില പുരുഷന്മാർ ഓർമശക്തി കുറഞ്ഞവരുമാവാം.

സ്ത്രീകൾ പൊതുവെ ഓർമശക്തി കുറഞ്ഞവരാണെന്ന് ഒരിക്കൽ ഉമർ(റ) ആനുഷംഗികമായി പ്രസ്താവിച്ചിട്ടുണ്ട്. മൂന്നു ത്വലാഖും മൊഴിഞ്ഞ് വേർപിരിഞ്ഞ സ്ത്രീക്ക് ചെലവും താമസവും കൊടുക്കേണ്ടതുണ്ടോ എന്ന പ്രശ്നത്തിൽ, കൊടുക്കേണ്ടതില്ല എന്ന് സ്വന്തം അനുഭവം വച്ച് പറഞ്ഞ ഫാത്വിമാ ബിൻത് ഖൈസിനെക്കുറിച്ച് ഉമർ(റ) പറഞ്ഞു: “അല്ലാഹുവിന്റെ ഗ്രന്ഥവും അവന്റെ പ്രവാചകചര്യയും ഒരു സ്ത്രീയുടെ വാക്കു കേട്ട് നാം ഉപേക്ഷിക്കുകയില്ല. കാരണം അവൾ മറന്നോ ഓർമിച്ചോ എന്ന് ആർക്കറിയാം”. ഈ പ്രസ്താവം മഹാനായ ഉമറി(റ)ന്റേതായിരുന്നുവെങ്കിലും അതു ശരിയല്ലെന്ന് സ്ഥാപിച്ചുകൊണ്ട് ഇമാം ശൗകാനി എഴുതുന്നു: “ഈ ഖണ്ഡനം മുസ്‌ലിംകളുടെ ഏകകണ്ഠമായ അഭിപ്രായമനുസരിച്ചുതന്നെ അസാധുവാണ്. കാരണം, സ്ത്രീയിൽനിന്ന് ഉദ്ധരിക്കപ്പെട്ട ഒരു വാർത്തയും അത് സ്ത്രീയിൽനിന്നായതുകൊണ്ട് മുസ്‌ലിംപണ്ഡിതന്മാർ ആരും തള്ളിക്കളഞ്ഞിട്ടില്ല. സ്വഹാബികളിൽ ഒറ്റ സ്ത്രീയിൽനിന്ന് മാത്രമുദ്ധരിക്കപ്പെട്ട എത്ര സുന്നത്തുകൾ സമുദായം സ്വീകരിച്ചിട്ടുണ്ട്. സുന്നത്തിനെക്കുറിച്ച് സാമാന്യവിവരമുള്ള ഒരാളും ഇത് നിഷേധിക്കുകയില്ല. ഉദ്ധാരകൻ മറക്കാനുള്ള സാധ്യതയുണ്ടെന്ന കാരണത്താൽ ഏതെങ്കിലും ഒരു റിപ്പോർട്ട് തള്ളിക്കളഞ്ഞതായി മുസ്‌ലിംകളിൽ ആരിൽനിന്നും ഉദ്ധരിക്കപ്പെട്ടിട്ടില്ല. അതൊരു ന്യൂനതയാണെങ്കിൽ ആ ന്യൂനതയില്ലാത്ത ഒരു തിരുവചനവുമുണ്ടാവുകയില്ല. കാരണം, ആരുമില്ല മറക്കാനുള്ള സാധ്യതയിൽനിന്ന് രക്ഷപ്പെട്ടവർ. മുഴുസുന്നത്തും അസാധുവാക്കുകയായിരിക്കും അതിന്റെ ഫലം. ഇവിടെ പരാമർശിക്കപ്പെട്ട ഫാത്വിമയാവട്ടെ ഓർമശക്തിയിൽ പ്രസിദ്ധയാണ്. ദജ്ജാലിന്റെ കാര്യത്തിൽ അവരിൽനിന്നുദ്ധരിക്കപ്പെട്ട ദീർഘമായ ഹദീസ്തന്നെ ഇതിനേറ്റവും നല്ല തെളിവ്. മിമ്പറിൽ പ്രസംഗിക്കുന്നതായി ഒരിക്കൽ മാത്രമേ അവരത് തിരുമേനിയിൽനിന്ന് കേട്ടിട്ടുള്ളൂ. ഉടനെ അതത്രയും അവർ ഹൃദിസ്ഥമാക്കി. ഇതൊക്കെ ഹൃദിസ്ഥമാക്കുന്ന ഒരാൾ തന്റെ ഭർത്താവുമായുള്ള വേർപാടിനോടനുബന്ധിച്ച് വീട്ടിൽനിന്ന് പുറത്തു പോകേണ്ടിവന്ന കാര്യം വിസ്മരിച്ചു എന്ന് എങ്ങനെ മനസ്സിലാക്കും? മറക്കാനുള്ള സാധ്യത അവർക്കും തദിഷയകമായി അവരെ വിമർശിക്കുന്നവർക്കും തുല്യമാണ്. കാരണം, അശുദ്ധിയുള്ളപ്പോൾ വെള്ളമില്ലെങ്കിൽ തയമ്മും ചെയ്യേണ്ട രീതി ഉമർ(റ) വിസ്മരിച്ചിട്ടുണ്ട്. കൂടെയുണ്ടായിരുന്ന അമ്മാർ(റ) ഓർമിപ്പിച്ചിട്ടുപോലും അദ്ദേഹത്തിനത് ഓർമവന്നില്ല. ‘അവർക്ക് ഒരു കൂമ്പാരം സ്വർണം നൽകിയാലും അത് തിരിച്ചുവാങ്ങാൻ പാടില്ലെ’ന്ന ഖുർആൻസൂക്തം അദ്ദേഹം വിസ്മരിച്ചു. ഒരു സ്ത്രീയാണ് അതദ്ദേഹത്തെ ഓർമിപ്പിച്ചത്. ‘നീ മരിക്കുന്നവനാണ്. അവരും മരിക്കുന്നവരാണെ’ന്ന ഖുർആൻസൂക്തം തിരുമേനിയുടെ വിയോഗസന്ദർഭത്തിൽ അബൂബക്ർ(റ) ഓതിക്കേൾപ്പിക്കുന്നതുവരെ ഉമർ(റ) മറന്നു” (*നൈലുൽ ഔത്താർ* ഭാഗം 7, പേജ്: 107).

ചുരുക്കത്തിൽ, സ്ത്രീകൾക്ക് ഓർമശക്തി കുറവായതുകൊണ്ട് സാക്ഷിപറയാൻ ഒരു പുരുഷനു പകരം രണ്ടു സ്ത്രീകൾ വേണമെന്ന് ഖുർആൻ പറഞ്ഞിട്ടില്ല. വല്ലവരും അങ്ങനെ മനസ്സിലാക്കിയെങ്കിൽ അതിനു ഖുർആൻ ഉത്തരവാദിയുമല്ല. മറിച്ച്, എല്ലാവർക്കുമറിയുന്ന മറ്റൊരു യാഥാർഥ്യത്തിലേക്കാണ് ഖുർആൻ ഇവിടെ വിരൽചൂണ്ടുന്നത്. സാധാരണ ഗതിയിൽ സ്ത്രീകൾക്ക് പുരുഷനെ അപേക്ഷിച്ച് ചില ദൗർബല്യങ്ങളുണ്ട്. ഈ ദൗർബല്യം കാരണമാണ് അവളുടെ സംരക്ഷണം ഖുർആൻ പുരുഷനെ ഏൽപിച്ചത്. ഇവിടെ ഒരു സാമ്പത്തികകാര്യത്തിൽ സാക്ഷിനിൽക്കുന്നതാണ് ഖുർആനികവിധിയുടെ പശ്ചാത്തലം. സാമ്പത്തികകാര്യങ്ങളിൽ പലപ്പോഴും മനുഷ്യന്റെ നീതിബോധവും ധർമബോധവുമൊക്കെ വിനഷ്ടമാവുന്നത് നാം ധാരാളമായി കണ്ടുവരുന്ന ഒരു സാധാരണ പ്രതിഭാസം മാത്രം. അതിനാൽ സാക്ഷി ഒരു സ്ത്രീ മാത്രമാണെങ്കിൽ അവളെ പ്രലോഭിപ്പിക്കാനും വഴങ്ങുന്നില്ലെങ്കിൽ പ്രകോപിപ്പിക്കാനും പുരുഷനു കഴിയും. ഇത്തരം ഘട്ടങ്ങളിൽ തന്റെ ദൗർബല്യത്തിന് കീഴൊതുങ്ങുകയല്ലാതെ പലപ്പോഴും ഒരു സ്ത്രീക്ക് മറ്റു മാർഗമൊന്നുമുണ്ടാവുകയില്ല. എനിക്കുവേണ്ടി സാക്ഷി പറഞ്ഞാൽ നിന്റെ സംരക്ഷണം ഞാൻ ഏറ്റെടുത്തുകൊള്ളാമെന്ന പ്രലോഭനത്തിനു വഴങ്ങിയില്ലെങ്കിൽ എനിക്കു വിപരീതം നിന്നാൽ കൊന്നുകളയുമെന്ന ഭീഷണിക്കു മുമ്പിലെങ്കിലും ഒറ്റയ്ക്കാണെങ്കിൽ അവൾ ചൂളിപ്പോവാതിരിക്കില്ല. രണ്ടാളുണ്ടെങ്കിൽ ഈ സാധ്യത വളരെ ചുരുങ്ങുന്നു. അതാണ് ‘ഒരാൾ വഴിതെറ്റുമ്പോൾ മറ്റൊരാൾ ഓർമിപ്പിക്കാൻ’ എന്ന് ഖുർആൻ പറഞ്ഞതിന്റെ സാരം.

ഒറ്റപ്പെട്ട ഭീതിതമായ ഒരു ചുറ്റുപാടിൽ മാത്രം സംഭവ്യമായ ഒരു സ്ഥിതിവിശേഷത്തെ സാമാന്യവത്കരിക്കുന്നതുതന്നെ ശരിയല്ല. നമ്മുടെ മുമ്പിലുള്ള പ്രശ്നമാകട്ടെ രാഷ്ട്രസാരഥ്യത്തിന്റേതാണ്. അധികാരപൂർണമായ അത്തരം പശ്ചാത്തലത്തിൽ ഇങ്ങനെയുള്ള പ്രലോഭനങ്ങളുടെയോ പ്രകോപനങ്ങളുടെയോ പ്രശ്നം തന്നെ ഉദിക്കുന്നില്ലെന്ന് വ്യക്തം.

ചുരുക്കത്തിൽ, ഒരിസ്‌ലാമികരാഷ്ട്രത്തിന്റെ സാരഥ്യം ഏറ്റെടു

ക്കുന്നതിൽനിന്ന് സ്ത്രീയെ നിശ്ശേഷം തടയുന്ന തെളിവുകളൊന്നും ഖുർആനിലില്ല. അതുകൊണ്ടായിരിക്കാം ഇവ്വിഷയകമായി പലരും പ്രധാനമായി അവലംബിക്കാറുള്ളത് ബുഖാരി ഉദ്ധരിച്ച ഒരു ഹദീസിനെയാണ്. തിരുമേനി മദീനയിൽ ഒരിസ്ലാമികരാഷ്ട്രത്തിന് ശിലാസ്ഥാപനം നടത്തിയ ഉടനെ അയൽരാഷ്ട്രങ്ങളിലെ ചക്രവർത്തിമാരെയും രാജാക്കന്മാരെയും ഇസ്ലാമിലേക്ക് ക്ഷണിച്ചുകൊണ്ട് കത്തുകളയച്ചു. കൂട്ടത്തിൽ പേർഷ്യൻസാമ്രാട്ടിനുമുണ്ടായിരുന്നു ഒരു കത്ത്. അദ്ദേഹം ആ കത്ത് ചീന്തിയെറിയുകയും അത് കൊണ്ടുവന്ന ദൂതനെ വധിച്ചുകളയുകയും ചെയ്തു. പക്ഷേ, ഏറെത്താമസിയാതെ ഒരധികാരവടംവലിയിൽ ഈ ചക്രവർത്തിയും അദ്ദേഹത്തെ വധിച്ച മകനും വധിക്കപ്പെട്ടു. പിന്നീട് രാജകുമാരിയാണ് രാജ്ഞിയായി വാഴിക്കപ്പെട്ടത്. ഈ വിവരം കിട്ടിയപ്പോൾ തിരുമേനി പറഞ്ഞു: "ഒരു സ്ത്രീയെ അധികാരമേൽപിച്ച ആ ജനത ഒരിക്കലും വിജയിക്കാൻ പോകുന്നില്ല". തിരുമേനി പ്രവചിച്ച പോലെത്തന്നെ സംഭവിച്ചു. അന്നത്തെ രണ്ടു ലോകശക്തികളിലൊന്നായിരുന്ന പേർഷ്യ താമസിയാതെ ഇസ്ലാമിന്റെ മുമ്പിൽ അടിയറവ് പറയുന്നതാണ് നാം കാണുന്നത്. തുടർന്ന് പഴയ പേർഷ്യൻസാമ്രാജ്യം എന്നെന്നേക്കുമായി കഥാവശേഷമായി. ഇതായിരുന്നു തിരുമേനിയുടെ പ്രവചനത്തിന്റെ സാരാംശം. പക്ഷേ, ചിലർ അതിനെ പശ്ചാത്തലത്തിൽനിന്നടർത്തിമാറ്റി സ്വതന്ത്രമായ ഒരു പ്രവചനമാക്കിയെടുത്തു. സ്ത്രീകളെ അധികാരമേൽപിച്ചവർ ഒരിക്കലും വിജയിക്കുകയില്ലെന്നതു കൊണ്ട് അവരെ അധികാരമേൽപിക്കാൻ പാടില്ലെന്ന വിധിയും നിർധാരണം ചെയ്തെടുത്തു. ഇത് വാസ്തവത്തിൽ സ്ത്രീകളോട് മാത്രമല്ല തിരുമേനിയുടെ പ്രവാചകത്വത്തോടുള്ള നിന്ദയും ഖുർആനോടു കാണിച്ച ധിക്കാരവുമായിരുന്നു. കാരണം, തിരുമേനി അങ്ങനെ പറഞ്ഞിട്ടുണ്ടെങ്കിൽ അധികാരം വാഴുന്ന സ്ത്രീകൾ ലോകത്തൊരിടത്തും വിജയം വരിക്കാൻ പാടില്ല. പക്ഷേ, ലോകത്ത് നാം കാണുന്നത് മറിച്ചാണ്. '67-ലെ ചരിത്രപ്രസിദ്ധമായ ആറു ദിവസത്തെ അറബ്-ഇസ്രയേൽയുദ്ധം ഉദാഹരണം. അറബികൾ ചരിത്രത്തിൽ തുല്യതയില്ലാത്ത, അപമാനകരമായ പരാജയം ഏറ്റുവാങ്ങിയ ഈ യുദ്ധത്തിൽ അവരുടെ ഭാഗത്ത് നാലു രാഷ്ട്രങ്ങളാണുണ്ടായിരുന്നത്. ഈജിപ്ത്, സിറിയ, ജോർദാൻ, ലബനാൻ. നാലിലും സാരഥികൾ പുരുഷകേസരികൾ. മറുഭാഗത്ത് ഇസ്രയേൽരാഷ്ട്രത്തിന്റെ നേതൃത്വം ഗോൾഡാമെയർ എന്ന ഒരു വൃദ്ധ വനിതയും. എന്നിട്ടും പുരുഷകേസരികൾ തോറ്റമ്പി. തിരുമേനി പറഞ്ഞത് ഒരു പൊതു വിധിയായിരുന്നെങ്കിൽ ഇങ്ങനെ സംഭവിക്കാൻ പാടുണ്ടോ? ഇന്ത്യയിൽ ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായി. ഇന്ത്യക്ക് വല്ലതും പറ്റിയോ? അതിനു ശേഷം ബ്രിട്ടനിൽ താച്ചർ എന്ന ഒരുരുക്കുവനിത പ്രധാനമന്ത്രിയായി. അവർക്ക് വല്ല പരാജയവും പറ്റിയോ? ഇനിയും ഇതുപോലുള്ള ഉദാഹരണങ്ങൾക്ക് ഒരു പഞ്ഞവുമില്ല. അതുകൊണ്ടാണ് ഈ ശുദ്ധന്മാർ നബിതിരുമേനിയുടെ പ്രവാചകത്വത്തെ നിന്ദിക്കുന്നുവെന്ന് പറഞ്ഞത്.

ഇവർ ഖുർആനോട് കാണിക്കുന്ന ധിക്കാരവും ചെറുതല്ല. ബുദ്ധിമതിയും വിവേകശാലിയുമായ ഒരു രാജ്ഞി തന്റെ ജനതയെ അതിസമർഥമായി നാശത്തിൽനിന്ന് രക്ഷിക്കുന്ന ചേതോഹരമായ ഒരു കഥ നബിതിരുമേനി മക്കയിൽവച്ച് ഖുർആനിലൂടെ ജനങ്ങളെ കേൾപ്പിക്കുന്നു. അതിലെ ചില ഭാഗങ്ങൾ ഇങ്ങനെ വായിക്കാം: "രാജ്ഞി പറഞ്ഞു: പ്രമാണികളേ, ഗൗരവമേറിയ ഒരു ലിഖിതം എനിക്കെറിഞ്ഞുകിട്ടിയിരിക്കുന്നു. അത് സുലൈമാനിൽനിന്നുള്ളതാണ്. പരമകാരുണികനും കരുണാവാരിധിയുമായ അല്ലാഹുവിന്റെ നാമത്തിലാണതാരംഭിക്കുന്നത്. എനിക്കെതിരിൽ ധിക്കാരം പ്രവർത്തിക്കരുത്, മുസ്ലിംകളായി എന്റെയരികിൽ വന്നുചേരുക എന്നതാണതിലെ സന്ദേശം".

"അവർ തുടർന്നു: ജനനായകരേ, ഈ പ്രശ്നത്തിൽ എന്നെ ഉപദേശിക്കുവിൻ. ഞാൻ നിങ്ങളെക്കൂടാതെ ഒരു കാര്യവും ഒറ്റയ്ക്ക് തീരുമാനിക്കാറില്ലല്ലോ?" (സാധാരണ രാജാക്കന്മാരെപ്പോലെ അവർ തന്നിഷ്ടം പ്രവർത്തിക്കുന്ന ഒരേകാധിപതിയല്ലെന്ന് സാരം).

"ജനനായകർ പറഞ്ഞു: നാം പ്രബലരും പരാക്രമശാലികളുമാണ്. ഇനി തീരുമാനം അവിടേക്ക് വിട്ടുതന്നിരിക്കുന്നു. ആലോചിച്ച് എന്തു വേണമെങ്കിലും കൽപിച്ചാലും". (അഹങ്കാരിയായ ഏതൊരേകാധിപതിയും വഴിതെറ്റുന്ന രംഗം. പക്ഷേ തികഞ്ഞ വിവേകമാണ് സാബാ രാജ്ഞിയെ ഇവിടെ മുന്നോട്ടുനയിക്കുന്നത്).

"അവർ പറഞ്ഞു: രാജാക്കന്മാർ ഒരു നാട്ടിൽ കടന്നാൽ അവിടം നശിപ്പിക്കും. അതിലെ അന്തസ്സുറ്റ നിവാസികളെ നിന്ദ്യരാക്കുകയും ചെയ്യും. അതേ, അതുതന്നെയാണവരുടെ സമ്പ്രദായം. ഞാനവർക്ക് ഒരു കാഴ്ച കൊടുത്തയക്കാം. എന്നിട്ട് ദൂതന്മാർ എന്തു മറുപടിയുമായി വരുന്നുവെന്ന് നോക്കട്ടെ". (പണത്തിനു കീഴ്പ്പെടുന്ന കൊതിയനും ധൂർത്തനും ഭൗതികനുമായ ചക്രവർത്തിയാണോ സുലൈമാനെന്ന പരീക്ഷണം).

"തിരുമുൽക്കാഴ്ച (കൈക്കൂലി) കണ്ടപ്പോൾ സുലൈമാൻ പറഞ്ഞു: നിങ്ങൾ സമ്പത്തുകൊണ്ട് എന്നെ സഹായിക്കയാണോ? അല്ലാഹു എനിക്ക് നൽകിയിട്ടുള്ളത് നിങ്ങൾക്ക് നൽകിയതിനേക്കാൾ എത്രയോ ഉത്തമമാണ്. നിങ്ങളാണ് ഇത്തരം ഉപഹാരങ്ങളിൽ മതിമറന്നു സന്തോഷിക്കുന്നവർ. തിരിച്ചുപോകൂ. ചെറുക്കാനാവാത്ത ഒരു പടയുമായി നാം വരുന്നുണ്ടെന്നു പറയുക. നിന്ദ്യരും നികൃഷ്ടരുമായി അവരെ നാം അവിടെനിന്ന് പുറം തള്ളുക തന്നെ ചെയ്യും" (27: 29-37)

അഹങ്കാരവും അവിവേകവും പിടികൂടേണ്ട മറ്റൊരു സന്ദർഭം. പക്ഷേ വിവേകം കൈവിടാതെ രാജ്ഞി സുലൈമാന്റെ സന്നിധിയിലെത്തി കാര്യങ്ങൾ നേരിൽ മനസ്സിലാക്കാൻ തീരുമാനിക്കുന്നു. അങ്ങനെ തന്റെ ജനതയെ ഒരു യുദ്ധക്കെടുതിയിലേക്ക് വലിച്ചിഴക്കാതെ സത്യം കണ്ടെത്തുകയും "ഇന്നു ഞാൻ സുലൈമാന്റെ കൂടെ സർവലോകരക്ഷിതാവായ അല്ലാഹുവിനോടുള്ള വിധേയത്വം സ്വീകരിച്ചിരിക്കുന്നു" എന്നു പ്രഖ്യാപിച്ചുകൊണ്ട് അതു സ്വീകരിക്കുകയും സ്വന്തം ജനതയെ അതിലേക്കു നയിക്കുകയും ചെയ്യുന്നു.

ഒരു രാഷ്ട്രസാരഥിയായ സ്ത്രീ വിവേകം കൈവെടിയാതെ അവധാനപൂർവം തന്റെ ജനതയെ വിജയത്തിലേക്കു നയിച്ച മനോഹരമായ ഈ കഥ മക്കയിൽ വച്ച് സ്വഹാബികളെ കേൾപ്പിച്ച തിരുമേനി മദീനയിലെത്തിയ ഉടനെ 'സ്ത്രീയെ ഭരണകാര്യങ്ങൾ ഏൽപിച്ച ഒരു ജനതയും ഒരിക്കലും വിജയിക്കുകയില്ലെ'ന്ന് പറയുമോ? അഥവാ പറഞ്ഞാൽ ഖുർആന്റെ ഈ ഭാഗങ്ങളെ തിരുമേനി എന്തു ചെയ്യും? അതുകൊണ്ടാണ് പ്രസ്തുത തിരുവചനത്തിന് ഇന്ന് പലരും നൽകിവരുന്ന വ്യാഖ്യാനം ഖുർആനോട് കാണിക്കുന്ന ധിക്കാരമാണെന്ന് പറയുന്നത്. സ്ത്രീകളെക്കുറിച്ച് ഖുർആനോ സുന്നത്തോ പറഞ്ഞിട്ടില്ലാത്ത വിധികൾ അക്രമപരമായി അവരുടെ മേൽ ചാർത്തുന്നത് അവരോട് കാണിക്കുന്ന കടുത്ത അക്രമമാണെന്ന് പറയേണ്ടതുമില്ലല്ലോ.

ചുരുക്കത്തിൽ, സുരക്ഷിതത്വത്തിന്റെ പേരിൽ വരുന്ന ചില പ്രത്യേക വിലക്കുകളല്ലാതെ വിശുദ്ധഖുർആനോ പ്രബലമായ സുന്നത്തോ സ്ത്രീകൾക്ക് വ്യക്തിജീവിതത്തിലും സാമൂഹികജീവിതത്തിലും പ്രത്യേകമായ ഒരു പരിമിതിയും നിശ്ചയിച്ചിട്ടില്ല. മറിച്ച് അവർക്ക് കൂടുതൽ ആദരവ് നൽകിയിരിക്കുന്നുവെന്ന് മാത്രം. സൂക്ഷ്മമായി പരിശോധിച്ചാൽ ഇതാർക്കും ബോധ്യമാകാവുന്നതേയുള്ളൂ. ഖുർആൻ അനാവരണം ചെയ്യുന്ന ദുഷ്ടരും ശിഷ്ടരുമായ കുറേ സ്ത്രീവ്യക്തിത്വങ്ങളുണ്ട്. നൂഹിന്റെയും ലൂത്വിന്റെയും പത്നിമാർ, ഈജിപ്തിലെ ചക്രവർത്തിയായിരുന്ന അസീസിന്റെ പത്നി, യേശുവിന്റെ മാതാവ് മർയം, ഫറവോന്റെ പത്നി, അബൂലഹബിന്റെ പത്നി അങ്ങനെ പലരും. എല്ലാം ഒരേ കാര്യമാണ് പ്രഖ്യാപിക്കുന്നത്: "പുരുഷനാവട്ടെ സ്ത്രീയാട്ടെ, വിശ്വസിയായിക്കൊണ്ട് ആർ നന്മ പ്രവർത്തിച്ചുവോ അവർ സ്വർഗത്തിൽ പ്രവേശിക്കും. തരിമ്പും അവർ അക്രമിക്കപ്പെടുകയില്ല".